പെൻഷൻ പരിഷ്കരണ നടപടികൾ

8 [3377] ശ്രീ. സി. കെ. നാണു:
ഡോ. കെ. സി. ജോസഫ്:
ശ്രീ. എ. സി. ഷൺമുഖദാസ്:
,, കെ. പി. മോഹനൻ:
ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന സർവ്വീസ് പെൻഷനേഴ്സ് യൂണിയന്റെ 12-ാം സംസ്ഥാന സമ്മേളനം അംഗീകരിച്ച ആവശ്യങ്ങൾ അടങ്ങിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിവേദനത്തിൽ പറയുന്ന പ്രധാനപ്പെട്ട എന്തെല്ലാം ആവശ്യങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പെൻഷൻ പരിഷ്കരണ നടപടികൾ നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിശോധിച്ചുവരുന്നു.

(സി) പെൻഷൻ പരിഷ്കരിക്കുന്നത് സംബന്ധിച്ച് സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല.

പിന്നോക്ക ക്ഷേമ ഡിപ്പാർട്ട്മെന്റ് ആരംഭിക്കാൻ നടപടി

9 [3379] ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

പിന്നോക്ക വിഭാഗത്തിന്റെ ക്ഷേമത്തിനായി പിന്നോക്ക വിഭാഗ ക്ഷേമ ഡിപ്പാർട്ട്മെന്റ് അടിയന്തിരമായി ആരംഭിക്കുമോ?

ഉത്തരം

പിന്നോക്ക വിഭാഗ ക്ഷേമവകുപ്പ് രൂപീകരിക്കുന്നത് സംബന്ധിച്ചകാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly